(ബി) ഉണ്ട്. 18-12-1999-ൽ റിപ്പോർട്ട് ലഭിച്ചു. ടി റിപ്പോർട്ടിൽ ചേതങ്കര കരവാളം തോട് സൈഡ്വാൾ നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തുന്നതിന് സാങ്കേതിക വിദഗ്ദ്ധരുടെ സേവനം കൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തുന്നതിനും ഇതിന് ഉത്തരവാദികളായവരുടെ പേരുവിവരം റിപ്പോർട്ട് ചെയ്യാനും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചില്ല. അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ കുറ്റക്കാർക്കെതിരെ നടപടി കൈക്കൊള്ളുവാൻ കഴിയൂ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് പരിശോധന

14(394) ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 250 കോടി രൂപയുടെ ധനസഹായം ഓഡിറ്റ് ചെയ്യാനായില്ലെന്ന് സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ധനസഹായം, അതിന്റെ ചെലവുകൾ എന്നിവ സംബന്ധിച്ച് കണക്കുകൾ വെയ്ക്കണമെന്ന് നിബന്ധന പാലിക്കാൻ പ്രയാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ധനവിനിയോഗത്തിനുള്ള നിബന്ധനകൾ പാലിക്കാത്തതിന്റെയും കണക്കുകൾ ഓഡിറ്റിംഗിന് സമർപ്പിക്കാത്തതിന്റെയും കാരണം വ്യക്തമാക്കാമോ ;

(ഡി) ഫണ്ടുകൾ ചെലവഴിക്കുമ്പോൾ ഫിനാൻഷ്യൽ പ്രൊപ്രൈറ്റി പാലിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ധനവിനിയോഗം, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് പൊതുവെ നടത്തുന്നത്. പരിചയക്കുറവുകൊണ്ടോ, ചുരുങ്ങിയ കാലയളവിൽ വലിയ തുക ചെലവഴിക്കേണ്ടി വന്നതുകൊണ്ടോ ചുരുക്കം കേസുകളിൽ നിബന്ധന പാലിക്കാതെ വരുന്നുണ്ട്. കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാത്ത കേസ്സുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പദ്ധതി വിഹിതമായി നൽകുന്ന ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫണ്ട് ചെലവഴിക്കുന്നതു നിരീക്ഷിക്കാനായി പെർഫോർമൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് എന്നീ മൂന്ന് ആഡിറ്റ് സംവിധാനങ്ങൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്കും, ജനപ്രതിനിധികൾക്കും, കാലാകാലങ്ങളിൽ ഇതിനായി പരിശീലനവും നൽകുന്നുണ്ട്.

വിവിധ തല പഞ്ചായത്തുകളിലെ വാർഡ് വിഭജനം

15(395) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ തല പഞ്ചായത്തുകളുടെ വാർഡ് വിഭജനവും സംവരണ വാർഡുകളുടെ നിശ്ചയവും എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇതു സംബന്ധിച്ച് എത്ര അപ്പീലുകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) എത്ര അപ്പീലുകൾ ഹൈക്കോടതിയിൽ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ബഹു: ഹൈക്കോടതിയിൽ കേസ് നിലവിലുള്ളവ ഒഴികെ ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വാർഡ് വിഭജനം പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ വാർഡ് വിഭജനം അടുത്ത മാസത്തോടെ പൂർത്തിയാകുന്നതാണ്. ഗ്രാമ പഞ്ചായത്തിന്റെ സംവരണ നറുക്കെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്തിന്റെ സംവരണ നറുക്കെടുപ്പ് 20-6-2000-ൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. വാർഡ് വിഭജനം പൂർത്തിയാകുന്ന മുറയ്ക്ക് ജില്ലാ പഞ്ചായത്തിന്റെയും സംവരണ നറുക്കെടുപ്പ് നടത്തുന്നതാണ്.

(ബി) ഗവൺമെന്റിലേക്ക് അപ്പീൽ ബോധിപ്പിക്കാൻ വ്യവസ്ഥയില്ല.

(സി) വാർഡ് പുനർ വിഭജനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ 72 ഒ.പി.കളും രണ്ട് റിട്ട് അപ്പീലുകളും ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly